# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട്

## അന്തിമ രേഖ

**06.09.2023**

**എറണാകുളം ജില്ലയിൽ കൊച്ചി മെട്രോ റെയിൽ പ്രോജക്ടിന്റെ ഐ യു.ആർ.ഡബ്ലിയു.ടി.എസ് പദ്ധതിയുടെ ഭാഗമായി .മുട്ടാർ മലിനജല സംസ്കരണ പ്ലാന്റ് നിർമ്മാണത്തിന് വേണ്ടി ഭൂമി ഏറ്റെടുക്കൽ**

**അർത്ഥനാധികാരി**

**മാനേജിംഗ് ഡയറക്ടർ**

**കൊച്ചി മെട്രോ റെയിൽ പ്രോജക്ട്**

**സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ്**

**ഭാരത മാതാ സ്ക്കൂൾ ഓഫ് സോഷ്യൽ വർക്ക്, ഭാരത മാതാ കോളേജ്, തൃക്കാക്കര, എറണാകുളം**

## അദ്ധ്യായം 1

## പഠനത്തിൻെറ സംക്ഷിപ്ത രൂപം

### 1.1 പദ്ധ തിയും ജനകീയ ലക്ഷ്യങ്ങളും

എറണാകുളം ജില്ലയിലെ കായലുകളാൽ ചുറ്റപ്പെട്ട് കിടക്കുന്ന മെട്രോ പോളിറ്റൻ സിറ്റിയാണ് കൊച്ചി നഗരം. അതിവേഗം ജനസംഖ്യ കൂടിക്കൊണ്ടിരിക്കുന്നതിനാൽ പാവപ്പെട്ട നഗരവാസികളുടെ എണ്ണവും വർദ്ധിച്ച് കൊണ്ടിരിക്കുകയാണ്. ശരിയായ ആസൂത്രണമില്ലായ്മ, കനാലുകളുടെ ഭാഗങ്ങളിൽ ജനങ്ങളുടെ കൈയ്യേറ്റം, മാലിന്യ സംസ്ക്കരണ സംവിധാനത്തിൻെറ അപര്യാപ്തത എന്നിവ കൊച്ചിയിലെ വായുവും ജലവും മലിനമാക്കപ്പെടുന്നതിന് കാരണമാകുന്നു.കൂടാതെ ഇത് മൂലം നമ്മുടെ കടലോര മേഖലയുടേയും കായലോര മേഖലയുടേയും കാലാവസ്ഥ വ്യതിയാനത്തിന് കാരണമാവുകയും ചെയ്യുന്നു.

ഇന്ത്യാ ഗവണ്മെൻറിൻെറ നഗര വികസനത്തിനുള്ള നിർദ്ദേശപ്രകാരം കൊച്ചി നഗരത്തിലെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടി കൊച്ചി നഗരത്തിലെ 5 കനാലുകളെ പുനരുദ്ധീകരിക്കുന്നതിനായി കേരള സർക്കാരിൻെറ CSIND വകുപ്പ് IURWTS എന്ന് പദ്ധതിക്ക് രൂപം നൽകി. ഈ പദ്ധതിയുടെ മൊത്തം ചിലവ് പ്രതീക്ഷിക്കുന്നത് 1528.27 കോടി രൂപയാണ്. ഇതിൻെറ ഭരണാനുമതി പുനരുദ്ധീകരിക്കുന്നതിനായി കേരള സർക്കാരിൻെറ CSIND വകുപ്പ് G.O,(MS) No.1/2021/CSIND പ്രകാരം നൽകുക യും ചെയ്തു.

IRUWTS പദ്ധതി നഷ്ടപ്പെട്ട് കൊണ്ടിരിക്കുന്ന 5 കനാലുകളേയും അതിൻെറ തീരങ്ങളേയും പുനസ്ഥാപിക്കുകയും വെള്ളപൊക്കം ദുരീകരിക്കുകയും കനാലുകൾ സഞ്ചാരയോഗ്യമാക്കുകയും മാലിന്യമുക്തമാക്കുകയും ചെയ്യുക ലക്ഷ്യമിടുന്നു. മുട്ടാർ മലിന ജല ശുദ്ധീകരണ പ്ലാൻറ് ഇടപ്പള്ളി കനാലിൻെറ പ്രദേശത്തെ ഊൽക്കൊള്ളിച്ചുകൊള്ളുന്നു.നശിച്ച് കൊണ്ടിരിക്കുന്ന 5 കനാലുകളേയും അതിൻെറ തീരങ്ങളേയും പുനസ്ഥാപിക്കുകയും വെള്ളപൊക്കം ദുരീകരിക്കുകയും കനാലുകൾ സഞ്ചാരയോഗ്യമാക്കുകയും

മാലിന്യമുക്തമാക്കുകയും ചെയ്യുക ലക്ഷ്യമിടുന്നു. മുട്ടാർ മലിന ജല ശുദ്ധീകരണ പ്ലാൻറ് ഇടപ്പള്ളി കനാലിൻെറ പ്രദേശത്തെ ഊൽക്കൊള്ളിച്ചുകൊള്ളുന്നു.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം, 2013 വകുപ്പ് 2(1)b(i) പ്രകാരം പൊതു ആവശ്യം എന്നു പറയുന്നത്, ഇന്ത്യാ ഗവണ്മെൻറിൻെറ സാമ്പത്തിക വിഭാഗം 27.03.2012 ന് പുറപ്പെടുവിച്ച വിഞ്ജാപനം നമ്പർ 13/6/2009-INF പ്രകാരമുള്ള പ്രവർത്തനങ്ങളാണ്. കൊച്ചി മെട്രോ റെയിൽ പ്രോജക്ടിൻെറ ഐ യു.ആർ.ഡബ്ലിയു.ടി.എസ് പദ്ധതിയുടെ ഭാഗമായി .മുട്ടാർ മലിനജല സംസ്കരണ പ്ലാൻറ് നിർമ്മാണ പദ്ധതി അടിസ്ഥാന പദ്ധതികളുടെ പൊതു ആവശ്യത്തിൻെറ പരിധിയിൽ വരുന്നതാണ്.

**1.2.സ്ഥലം**

കണയന്നൂർ താലൂക്കിലെ ഇടപ്പള്ളി വില്ലേജിലെ 1.2378 ഹെക്ടർ ഭൂമിയാണ് ഈ പദ്ധതിക്കുവേണ്ടി എറ്റെടുക്കേണ്ടി വരുന്നത്. കൊച്ചി കോർപ്പറേഷൻേറയും കളമശ്ശേരി മുനിസിപ്പലിറ്റിയുടേയും അതിരുകളോട് ചേർന്ന് കിടക്കുന്നതാണ് പദ്ധതി പ്രദേശം. കൊച്ചി കോർപ്പറേഷൻെറ ഡിവിഷൻ 36 ൽ ഉൾപ്പെടുന്ന പ്രദേശത്ത് നിന്നുമാണ് ഭൂമി ഏറ്റെടുക്കപ്പെടുന്നത്.

**1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വിസ്താരവും ഗുണങ്ങളും**

കണയന്നൂർ താലൂക്കിലെ ഇടപ്പള്ളി വില്ലേജിലെ 1.2378 ഹെക്ടർ ഭൂമിയാണ് ഈ പദ്ധതിക്കുവേണ്ടി എറ്റെടുക്കേണ്ടി വരുന്നത്. ടി ഭൂമി "നിലം" വിഭാഗത്തിൽ ഉൾപ്പെടുന്നു. നിലവിൽ ചതുപ്പ് പ്രദേശമായി കിടക്കുന്നു. കൃഷി ചെയ്യുന്നില്ല. പദ്ധതി പ്രദേശത്ത് താമസക്കാർ ആരും തന്നെയില്ല. അതിനാൽ പദ്ധതിമൂലം ഉണ്ടാവാനിടയുള്ള വിപരീത പ്രത്യാഘാതങ്ങൾ താരത്യേന കുറവാണ്.

**1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ**

പദ്ധതിയുടെ ഡിസൈനിൽ നിർദ്ദിഷ്ട പദ്ധതിക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഉൾപ്പേടുത്തിയിട്ടുള്ളതിനൽ മറ്റ് അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകതയില്ല.

**1.5.സാമൂഹ്യ പ്രത്യാഘാതങ്ങൾ**

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ പദ്ധതി ബാധിതമാകുന്ന ഭൂവുടമകൾക്ക് കൃഷി ഭൂമി നഷ്ടപ്പെടും. നിലവിൽ പദ്ധതി പ്രദേശത്ത് കൃഷി ചെയ്യുന്നില്ലെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ നിന്നും മനസ്സിലാക്കുന്നു. ഭൂമി ഏറ്റെടുക്കുന്നതിനായി പദ്ധതി പ്രദേശത്ത് സ്ഥാപിച്ചിരിക്കുന്ന കല്ലുകളുടെ വിന്യാസ പ്രകാരവും, പ്രദേശത്തുനിന്ന് ലഭിച്ച വിവരങ്ങൾ പ്രകാരവും ഇടപ്പള്ളി നോർത്ത് വില്ലേജിൻെറ പരിധിയിൽ വരുന്ന 2 ഭൂവുടമകൾ ആണ് ഈ പദ്ധതിയുടെ നേരിട്ടുള്ള പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരുന്നത്. ഒരു കുടുംബവും അമൃതാനന്ദമയി മഠത്തിൻെറ ഉടമസ്ഥതയിലുള്ള ഭൂമിയുമാണ് പദ്ധതി ബാധിതമാകുന്നത്. പക്ഷേ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും ഔദ്യോഗീകമായി അറിയിപ്പുകൾ ലഭിക്കാത്തതിനാൽ അമൃതാനന്ദമയി മഠത്തിൻെറ അധികൃതരിൽ നിന്നും ഭൂമി സംബന്ധമായ വിവരങ്ങൾ ലഭിച്ചിട്ടില്ല. ഭൂമിയുടെ ക്രയവിക്രയത്തിന് ശേഷം പോക്കുവരവ് നടത്തിയിട്ടില്ലാത്തതിനാൽ വില്ലേജിലെ രേഖകൾ പ്രകാരം 16 ഭൂവുടമകളുടെ ഉടമസ്ഥതയിലാണി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമി ഉൾപ്പെടുന്നത്.

**1.6. ലഘൂകരണ നടപടികൾ**

പദ്ധതിപ്രദേശം സന്ദർശിച്ചതിലൂടെയും, വിവരങ്ങൾ ശേഖരിച്ചതിലൂടെയും, പദ്ധതിയുടെ ആഘാത ബാധിതരും തത്പ്പരകക്ഷികളുമായുള്ള അഭിമുഖങ്ങളേയും അടിസ്ഥാനമാക്കി താഴെ പറയുന്ന ദുരീകരണ നടപടികൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം നിർദ്ദേശിക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, ഇതിനോടനുബന്ധിച്ച് കാലാകാലങ്ങളിൽ ഗവണ്മെൻറ് പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ട് പുനരധിവാസ പുന:സ്ഥാപന പ്രവർത്തനങ്ങളും നഷ്ടപരിഹാരം നൽകൽ നടപടികളും കൈക്കൊള്ളുക.
- ഭൂമി ഏറ്റെടുക്കൽ പ്രക്രിയ കാലതാമസം കൂടാതെ പൂർത്തീകരിക്കുകയും ആഘാത ബാധിതർക്കുള്ള നഷ്ടപരിഹാരം കഴിയുന്നത്ര വേഗത്തിൽ നൽകുകയും ചെയ്യുക.

## അദ്ധ്യായം 2

## പദ്ധതിയുടെ വിശദവിവരങ്ങൾ

### 2.1 പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പെടെ പദ്ധതിയുടെ പശ്ചാത്തലം

ഇന്ത്യാ ഗവണ്മെൻറിൻെറ നഗര വികസനത്തിനുള്ള നിർദ്ദേശപ്രകാരം കൊച്ചി നഗരത്തിലെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടി കൊച്ചി നഗരത്തിലെ 5 കനാലുകളെ പുനരുദ്ധീകരിക്കുന്നതിനായി കേരള സർക്കാരിൻെറ CSIND വകുപ്പ് IURWTS എന്ന് പദ്ധതിക്ക് രൂപം നൽകി. ഈ പദ്ധതിയുടെ മൊത്തം ചിലവ് പ്രതീക്ഷിക്കുന്നത് 1528.27 കോടി രൂപയാണ്. ഇതിൻെറ ഭരണാനുമതി പുനരുദ്ധീകരിക്കുന്നതിനായി കേരള സർക്കാരിൻെറ CSIND വകുപ്പ് G.O,(MS) No.1/2021/CSIND പ്രകാരം നൽകുകയും ചെയ്തു.

IRUWTS പദ്ധതി നഷ്ടപ്പെട്ട് കൊണ്ടിരിക്കുന്ന 5 കനാലുകളേയും അതിൻെറ തീരങ്ങളേയും പുനസ്ഥാപിക്കുകയും വെള്ളപൊക്കം ദുരീകരിക്കുകയും കനാലുകൾ സഞ്ചാരയോഗ്യമാക്കുകയും മാലിന്യമുക്തമാക്കുകയും ചെയ്യുക ലക്ഷ്യമിടുന്നു. മുട്ടാർ മലിന ജല ശുദ്ധീകരണ പ്ലാൻറ് ഇടപ്പള്ളി കനാലിൻെറ പ്രദേശത്തെ ഊൽക്കൊള്ളിച്ചുകൊള്ളുന്നു.നശിച്ച് കൊണ്ടിരിക്കുന്ന 5 കനാലുകളേയും അതിൻെറ തീരങ്ങളേയുംജ് പുനസ് പിക്കുകയും വെള്ളപൊക്കം ദുരീകരിക്കുകയും കനാലുകൾ സഞ്ചാരയോഗ്യമാക്കുകയും മാലിന്യമുക്തമാക്കുകയും ചെയ്യുക ലക്ഷ്യമിടുന്നു. മുട്ടാർ മലിന ജല ശുദ്ധീകരണ പ്ലാൻറ് ഇടപ്പള്ളി കനാലിൻെറ പ്രദേശത്തെ ഊൽക്കൊള്ളിച്ചുകൊള്ളുന്നു.

#### 2.1.1 പദ്ധതി നടപ്പിലാക്കുന്ന ഏജൻസി

മാനേജിംഗ് ഡയറക്ടർ, കൊച്ചി മെട്രോ റെയിൽ പ്രോജക്ട്, എറണാകുളം ആണ് പദ്ധതിയുടെ അർത്ഥനാധികാരി.

#### 2.1.1(b) ഭൂമി ഏറ്റെടുക്കൽ അധികാരി

നിർദ്ദിഷ്ട പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ അധികാരി എറണാകുളം, കൊച്ചി മെട്രൊ റെയിൽ പ്രോജക്ട്, സ്പെഷ്യൽ തഹസിൽദാർ. (എൽ.എ) നമ്പർ–1 ആണ്. ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഉത്തരവാദിത്തം അദ്ദേഹത്തിൽ നിക്ഷിപ്തമാണ്.

**2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം, 2013 വകുപ്പ് 2(1)b(i) പ്രകാരം പൊതു ആവശ്യം എന്നു പറയുന്നത്, ഇന്ത്യാ ഗവണ്മെൻറിൻെറ സാമ്പത്തിക വിഭാഗം 27.03.2012 ന് പുറപ്പെടുവിച്ച വിജ്ഞാപനം നമ്പർ 13/6/2009–INF പ്രകാരമുള്ള പ്രവർത്തനങ്ങളാണ്. കൊച്ചി മെട്രോ റെയിൽ പ്രോജക്ടിൻെറ ഐ.യു.ആർ.ഡബ്ലിയു.ടി.എസ് പദ്ധതിയുടെ ഭാഗമായി .മുട്ടാർ മലിനജല സംസ്കരണ പ്ലാൻറ് നിർമ്മാണത്തിന് വേണ്ടി ഭൂമി ഏറ്റെടുക്കൽ അടിസ്ഥാന പദ്ധതികളുടെ പൊതു ആവശ്യത്തിൻെറ പരിധിയിൽ വരുന്നതാണ്.

**2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ**

കണയന്നൂർ താലൂക്കിലെ ഇടപ്പള്ളി വില്ലേജിലെ 1.2378 ഹെക്ടർ ഭൂമിയാണ് ഈ പദ്ധതിക്കുവേണ്ടി എറ്റെടുക്കേണ്ടി വരുന്നത്. പദ്ധതിക്കാവശ്യമായ ഭൂമി മാത്രമാണ് ഏറ്റെടുക്കലിനായി പദ്ധതി പ്രദേശത്ത് മാർക്ക് ചെയ്തിരിക്കുന്നതെന്ന് പദ്ധതി പ്രദേശം സന്ദർശിച്ച് നിരീക്ഷിച്ചതിൽ നിന്നും മനസ്സിലാക്കുവാൻ സാധിച്ചു. ഈ പദ്ധതിക്കായി ചിലവ് കണക്കാക്കിയിരിക്കുന്നത് 324 കോടി രൂപയാണ്. ഭൂമി ഏറ്റെടുക്കുന്നതിന് നഷ്ടപരിഹാര തുകയയായി കണക്കാക്കിയിരിക്കുന്ന 32.7 കോടി രൂപ ഇതിൽ ഉൾപ്പെടുന്നില്ല.

**2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ**

മാലിന്യ സംസ്കരണ പ്ലാൻറ് നിർമ്മാണത്തിന വേണ്ടി ഏറ്റവും അനുയോജ്യമായതും വിപരീത പ്രത്യാഘാതങ്ങൾ ഏറ്റവും കുറവ് വരുന്ന രീതിയിലുമാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയെന്ന് അർതനാധികാരിയൂടെ പ്രതിനിധികൾ അറിയിച്ചു.

**2.5. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ**

ഈ പദ്ധതിയിൽ 16.50 എം.എൽ,ഡി ശേഷിയുള്ള മാലിന്യ സസ്കരണ പ്ലാൻറും മലിനജല ശൃംഖലയും ഉൾപ്പെടുന്നു. മലിന ജല സസ്കരണ പ്ലൻറ് നിർമ്മാണത്തിനായി 12 വിവിധങ്ങളായ സസ്കരണ യൂണിറ്റുകളും 9 വിവിധ കെട്ടിടങ്ങളും ഉൾപ്പെടുന്നുണ്ട്

. ഇവയുടെ നിർമ്മാണത്തിനായി 0.72 ഹെക്ടർ ഭൂമിയാണ ആവശ്യമായി വരുന്നത്. ഹൈ ടെൻഷൻ സബ് സ്റ്റേഷൻ, ഡി.ജി.സെറ്റ് ഹൗസ്, എസ്.ബി.ആർ എയർ ബ്ലോവർ കം എം സി സി ആൻറ് കൺട്രോൾ ബിൽഡിംഗ്, ക്ലോറിൻ ടൂണർ ഹൗസ്, സെൻട്രിഫ്യൂജ് ഫീദ് പമ്പ് ഹൗസ്, സെൻട്രി ഫ്യൂജ് ഹൗസ്, റോ സീവേജ് സമ്പ് പമ്പ് ഹൗസ്, സെക്യൂരിറ്റി കാബിൻ, ട്രാൻസ്ഫോർമർ യാർഡ് എന്നിവ ഉൾപ്പെടുന്നു.

**2.5 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത**

പദ്ധതിയുടെ ർഡിസൈനിൽ നിർദ്ദിഷ്ട പദ്ധതിക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഉൾപ്പേടുത്തിയിട്ടുള്ളതിനൽ മറ്റ് അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകതയില്ല.

**2.6. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/ സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ**

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പാരിസ്ഥിതിക പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തിയിട്ടുണ്ട്.

**2.7. ബാധകമായ നിയമങ്ങളും നയങ്ങളും**

ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം, പുനഃസ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങൾ ചുവടെ ചേർക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013.
- കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015.
- കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ 29/12/2017 തീയതിയിലെ G.O(Ms)No.448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത്

ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനഃസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള പോളിസി.

# അദ്ധ്യായം 3

## പഠന സംഘം, പഠന സമീപനം, പദ്ധതി ശാസ്ത്രം

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (2013 ലെ കേന്ദ്ര ആക്ട്, 30) 4–ാം വകുപ്പ് 1–ാം ഉപവകുപ്പ്, സമുചിത സർക്കാർ പൊതു ആവശ്യത്തിനായി ഭൂമി ഏറ്റെടുക്കാ

ൻ ഉദ്ദേശിക്കുമ്പോഴെല്ലാം ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് ഒരു സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം (എസ്.ഐ.എ) നടത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. അപ്രകാരം കൊച്ചി മെട്രോ റെയിൽ പ്രോജക്ടിൻെറ ഐ യു.ആർ.ഡബ്ലിയു.ടി.എസ് പദ്ധതിയുടെ ഭാഗമായുള്ള .മുട്ടാർ മലിനജല സംസ്കരണ പ്ലാൻറ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത നിർണ്ണയ പഠന റിപ്പോർട്ടും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതിയും തയ്യാറാക്കുന്നതിന് വേണ്ടിയുള്ള എസ്.ഐ.എ യൂണിറ്റായി ഭാരത മാത സ്കൂൾ ഓഫ് സോഷ്യൽ വർക്ക്, ഭരത മാത കോളേജ് തൃക്കാക്കരയെ ചുമതലപ്പെടുത്തിയിരിക്കുന്നു. (അവലംബം: 04.08.2023 ൽ പ്രസിദ്ധീകരിച്ചിട്ടുള്ള കേരള ഗസറ്റ്, അസാധാരണം വിജ്ഞാപനം, വാല്യം 12 നമ്പർ 2587)

### 3.1 പഠന സംഘത്തെക്കുറിച്ചുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനായി ഈ മേഖലയിലും സമാന മേഖലകളിലും പ്രത്യേകിച്ച് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ പരിചയമുള്ളവരേയും മതിയായ യോഗ്യത ഉള്ളവരേയും പഠന സംഘത്തിൽ ഉൾപ്പെടുത്തി. അവർക്കു നിശ്ചിത ഉത്തരവാദിത്തങ്ങളും കർത്തവ്യങ്ങളും നൽകി. പഠന സംഘത്തിൻെറ വിശദാംശങ്ങൾ താഴെയുള്ള പട്ടികയിൽ കാണിച്ചിരിക്കുന്നു.

**പട്ടിക 3.1.സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം**

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസയോഗ്യത, പദവി |
|---|---|---|
| 1 | ശ്രീമതി.ഡോ. ഷീന രാജൻ ഫിലിപ്പ് | എം.എസ്.ഡബ്ല്യൂ, പി.എച്ച്.ഡി ചെയർപേഴ്സൺ, എസ്.ഐ.എ യൂണിറ്റ് |
| 2 | ശ്രീമതി.പിൻസി ജേക്കബ് | എം.എസ്.ഡബ്ല്യൂ പ്രോജക്ട് കോർഡിനേറ്റർ |
| 3 | ശ്രീമതി.ഡോ. എൽസ മേരി ജേക്കബ് | എം.എസ്.ഡബ്ല്യൂ, പി.എച്ച്.ഡി, റിസേർച്ച് അസ്സോസിയേറ്റ് |
| 4 | ശ്രീ.സൂരജ്.എം.വി | എം.എസ്.ഡബ്ല്യൂ, റിസേർച്ച് അസ്സോസിയേറ്റ് |
| 5 | ശ്രീ.ഡോ.രേഷ്മ. കെ.എസ് | എം.എസ്.ഡബ്ല്യൂ, പി.എച്ച്.ഡി, റിസേർച്ച് അസ്സോസിയേറ്റ് |
| 6 | ശ്രീ.ഷാർമിൻ ജോസ് വൈ | എം.എസ്.ഡബ്ല്യൂ, ഫീൽഡ് സ്റ്റാഫ് |
| 7 | ശ്രീമതി.ഡെൽറ്റി ജോസഫ് | എം.എസ്.ഡബ്ല്യൂ, ഫീൽഡ് സ്റ്റാഫ് |
| 8 | ശരത് എം.മോഹൻ | എം.എസ്.ഡബ്ല്യൂ, ഫീൽഡ് സ്റ്റാഫ് |
| 9 | രാകേന്ദു.കെ.ആർ | എം.എസ്.ഡബ്ല്യൂ, ഫീൽഡ് സ്റ്റാഫ് |
| 10 | ജെസ്നി ജയിംസ് | എം.എസ്.ഡബ്ല്യൂ, ഫീൽഡ് സ്റ്റാഫ് |
| 11 | അഭിരാമി.കെ.പി | എം.എസ്. ഡബ്ല്യൂ, ഫീൽഡ് സ്റ്റാഫ് |
| 12 | ഏബൽ ജോസഫ് മാർട്ടിൻ | എം.എസ്.ഡബ്ല്യൂ, ഫീൽഡ് സ്റ്റാഫ് |

| | | |
|---|---|---|
| **13** | സ്വാതി ലക്ഷ്മൺ | എം.എസ്.ഡബ്ല്യൂ, ഫീൽഡ് സ്റ്റാഫ് |

**3.2 പഠനത്തിനുപയോഗിച്ച പദ്ധതി ശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനു വേണ്ട വിവര ശേഖരണം നടത്തിയ രീതിയും**

പഠന സംഘം പദ്ധതി ബാധിത പ്രദേശം സന്ദർശിക്കുകയും ഭൂമി ഏറ്റെടുക്കൽ കല്ലിൻെറ വിന്യാസ പ്രകാരം പദ്ധതി ബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തയ്യാറാക്കി. വിവര ശേഖരണത്തിൻെറ ഭാഗമായി പദ്ധതി ബാധിത ജനങ്ങളുടെ ഇടയിൽ സാമൂഹ്യ-സാമ്പത്തിക സർവ്വേ നടത്തുകയും ചെയ്തു. പദ്ധതിയെ കുറിച്ച് പദ്ധതി പ്രദേശത്തെ ജനപ്രതിനിധിയുമായി ചർച്ച ചെയ്തു. നിർദ്ദിഷ്ട പദ്ധതിയുടെ വിവരങ്ങൾ കൊച്ചി മെട്രോയിൽ നിന്നും ശേഖരിച്ചു. ഈ രീതിയിലൂടെ ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്താണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖയും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതിയും തയ്യാറാക്കിയത്.

**3.3 പഠനത്തിനുപയോഗിച്ച മാതൃകാ പരിശോധനാ രീതി**

പദ്ധതി ഓരോ കുടുംബത്തേയും വ്യത്യസ്ത രീതിയിൽ ബാധിക്കുന്നതിനാൽ സെൻസസ് രീതിയിലുള്ള വിവരശേഖരണമാണ് പഠനത്തിനായി സ്വീകരിച്ചത്. ആയതിനാൽ പദ്ധതി പ്രദേശത്ത് ലഭ്യമായ പദ്ധതി ബാധിതമാകുന്ന മുഴുവൻ കുടുംബങ്ങളേയും വിവരശേഖരണത്തിൽ ഉൾപ്പെടുത്തി.

**3.4 വിവരസ്രോതസ്സുകളുടെയും വിവരങ്ങളുടെയും വിശകലനം**

പ്രാഥമിക വിവരങ്ങളേയും ദ്വിതീയ വിവരങ്ങളേയും ആശ്രയിച്ചാണ് പഠന സംഘം വിവര ശേഖരണം നടത്തിയത്. പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിത ഭൂവുടമകളിൽനിന്നും ശേഖരിച്ച വിവരങ്ങളാണ് പ്രാഥമിക ഉറവിടങ്ങൾ. റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച ഭൂരേഖകളും കൊച്ചി മെട്രോയിൽനിന്നും നിന്നും പദ്ധതിയെ സമ്പന്ധിച്ച് ലഭിച്ച വിവരങ്ങളുമാണ് ദ്വിതീയ ഉറവിടങ്ങൾ.

**3.5 തൽപ്പരകക്ഷികളുമായുള്ള കൂടിക്കാഴ്ച്ചയും പബ്ലിക് ഹിയറിംഗിനെനെക്കുറിച്ചുള്ള വിവരണവും**

**പട്ടിക 3.2 സാമൂഹ്യ പ്രത്യാഘാത പഠനസംഘം നടത്തിയ വിവിധ പ്രവർത്തനങ്ങൾ**

| തീയതി | പ്രവർത്തനങ്ങൾ |
|---|---|
| 04.08.2023 | ഗസറ്റ് വിജ്ഞാപനം 4(1) |
| 09.06.2023 | പദ്ധതി പ്രദേശം പ്രാഥമിക സന്ദർശനം |
| 16.08.2023 | സാമുഹ്യ-സാമ്പത്തിക വിവരശേഖരണം, പ്രാദേശിക സ്വയംഭരണ പ്രതിനിധിയുമായി കൂടിക്കാഴ്ച |
| 07.09.2023 | പബ്ലിക് ഹിയറിംഗ് സംബന്ധിച്ചുള്ള പത്ര വിജ്ഞാപനം |
| 23.09.2023 | പബ്ലിക് ഹിയറിംഗ് |

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 2013, 5-ാം വകുപ്പ് പ്രകാരം പദ്ധതി ബാധിത പ്രദേശത്ത് ഒരു പൊതു ഹിയറിംഗ് നടത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഈ വ്യവസ്ഥയ്ക്ക് അനുസൃതമായി ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം, പുന:സ്ഥാപന നിയമങ്ങൾ, ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും വേണ്ടിയുള്ള കേരള ചട്ടങ്ങൾ 2015, സെക്ഷൻ 14 പ്രകാരം വ്യക്തമാക്കിയ പൊതു ഹിയറിംഗിൻെറ വിശദമായ നടപടിക്രമങ്ങൾക്കനുസൃതമായി, 2023 സെപ്റ്റംബർ 23 ന് രാവിലെ 11 മണിക്ക് ഫ്രണ്ട്സ് ലൈബ്രറി, മുട്ടാറിൽ വച്ച് ഇടപ്പള്ളി നോർത്ത് വില്ലേജിൻെറ പരിധിയിൽ വരുന്ന പദ്ധതി ബാധിതർക്ക് വേണ്ടി പബ്ലിക് ഹിയറിംഗ് നടത്തുന്നതാണ്. പ്രസ്തുത പബ്ലിക് ഹിയറിംഗ് സംബന്ധിച്ച പത്ര വിജ്ഞാപനം വീക്ഷണം, ദീപിക എന്നീ രണ്ട് മലയാള ദിനപത്രങ്ങളിൽ നൽകി.. കൂടാതെ ഭൂവുടമകൾക്ക് നേരിട്ടും ഫോണിലൂടേയും അറിയിപ്പ് നൽകുകയും ചെയ്തു.

## അദ്ധ്യായം 4

# സ്ഥലത്തിൻെറ മൂല്യനിർണ്ണയം

### 4.1.ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതി പ്രദേശത്തിൻെറ വിവരണം

കണയന്നൂർ താലൂക്കിലെ ഇടപ്പള്ളി നോർത്ത് വില്ലേജിൽ ഉൾപ്പെടുന്നതാണ് പദ്ധതി പ്രദേശം. കൊച്ചി കോർപ്പറേഷൻേറയും കളമശ്ശേരി മുനിസിപ്പലിറ്റിയുടേയും അതിരുകളോട് ചേർന്ന് കിടക്കുന്നതാണ് പദ്ധതി പ്രദേശം. കൊച്ചി കോർപ്പറേഷൻെറ ഡിവിഷൻ 36 ൽ ഉൾപ്പെടുന്ന പ്രദേശത്ത് നിന്നുമാണ് ഭൂമി ഏറ്റെടുക്കപ്പെടുന്നത്.

**ചിത്രം 4.1 നിർദ്ദിഷ്ട പദ്ധതി പ്രദേശം**



**4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം**

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ പദ്ധതി ബാധിതമാകുന്ന ഭൂവുടമകൾക്ക് കൃഷി ഭൂമി നഷ്ടപ്പെടും. നിലവിൽ പദ്ധതി പ്രദേശത്ത് കൃഷി ചെയ്യുന്നില്ലെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ നിന്നും മനസ്സിലാക്കുന്നു. ഭൂമി ഏറ്റെടുക്കുന്നതിനായി പദ്ധതി പ്രദേശത്ത് സ്ഥാപിച്ചിരിക്കുന്ന കല്ലുകളുടെ വിന്യാസ പ്രകാരവും, പ്രദേശത്തുനിന്ന് ലഭിച്ച വിവരങ്ങൾ പ്രകാരവും ഇടപ്പള്ളി നോർത്ത് വില്ലേജിൻെറ പരിധിയിൽ വരുന്ന 2 ഭൂവുടമകൾ ആണ് ഈ പദ്ധതിയുടെ നേരിട്ടുള്ള പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരുന്നത്. ഒരു കുടുംബവും അമൃതാനന്ദമയി മഠത്തിൻെറ ഉടമസ്ഥതയിലുള്ള ഭൂമിയുമാണ് പദ്ധതി ബാധിതമാകുന്നത്. പക്ഷേ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും ഔദ്യോഗീകമായി അറിയിപ്പുകൾ ലഭിക്കാത്തതിനാൽ അമൃതാനന്ദമയി മഠത്തിൻെറ അധികൃതരിൽ നിന്നും ഭൂമി സംബന്ധമായ വിവരങ്ങൾ ലഭിച്ചിട്ടില്ല. ഭൂമിയുടെ ക്രയവിക്രയത്തിന് ശേഷം പോക്കുവരവ് നടത്തിയിട്ടില്ലാത്തതിനാൽ വില്ലേജിലെ രേഖകൾ പ്രകാരം 16 ഭൂവുടമകളുടെ ഉടമസ്ഥതയിലാണി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമി ഉൾപ്പെടുന്നത്.

**4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി**

പദ്ധതി പ്രദേശം കണയന്നൂർ താലൂക്കിലെ ഇടപ്പള്ളി നോർത്ത് വില്ലേജിൽ ഉൾപ്പെടുന്നു. മൊത്തം 1.2378 ഹെക്ടർ ഭൂമിയാണ് ഈ പദ്ധതിക്കായി എറ്റെടുക്കേണ്ടി വരുന്നത്.

**4.4.പദ്ധതി ബാധിത പ്രദേശത്ത് മുന്നേ വില കൊടുത്തു വാങ്ങിയിരിക്കുന്നതോ പാട്ടത്തിനെടുത്തിരിക്കുന്നതോ ആയ ഭൂമി, ഏറ്റെടുക്കുന്ന ഭൂമിയുടെ ഓരോ ഭൂഭാഗത്തിൻെറയും പദ്ധതിപ്രകാരമുള്ള ഉപയോഗം**

നിർദ്ദിഷ്ട പ്രദേശത്ത് പദ്ധതിയ്ക്കുവേണ്ടി മുന്നേ സ്ഥലങ്ങൾ വാങ്ങുകയോ ഏറ്റെടുക്കുകയോ, പാട്ടത്തിത്തിനെടുക്കുകയോ ചെയ്തിട്ടില്ല.

**4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും**

എറണാകുളം ജില്ലയിലെ ഇടപ്പള്ളി ജംഗ്ഷനിൽ നിന്നും ഏകദേശം 3 കിലോ മീറ്റർ മാറിയാണ് പദ്ധതി പ്രദേശം സ്ഥിതി ചെയ്യുന്നത്. കൊച്ചി കോർപ്പറേഷൻെറ വാർഡ് 36 ൽ ഉൾപ്പെടുന്ന വസ്തുവകകളാണ് പദ്ധതിക്കായി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. ടി ഭൂമി "നിലം" വിഭാഗത്തിൽ ഉൾപ്പെടുന്നു. നിലവിൽ ചതുപ്പ് പ്രദേശമായി കിടക്കുന്നു. കൃഷി ചെയ്യുന്നില്ല. പദ്ധതി പ്രദേശത്ത് താമസക്കാർ ആരും തന്നെയില്ല. അതിനാൽ പദ്ധതിമൂലം ഉണ്ടാവാനിടയുള്ള വിപരീത പ്രത്യാഘാതങ്ങൾ താരത്യേന കുറവാണ്.

**4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയുണ്ടെങ്കിൽ ജലസേചനത്തെക്കുറിച്ചും വിളകളെക്കുറിച്ചുമുള്ള വിവരണം**

ഏറ്റെടുക്കപ്പെടുന്ന ഭൂമി മൊത്തം 6 സർവ്വേ നമ്പറുകളിൽപ്പെടുന്നു. അവയെല്ലാം "നിലം" വിഭാഗത്തിൽ ഉൾപ്പെടുന്നുവെങ്കിലും കൃഷിക്കായി ഉപയോഗിക്കുന്നില്ല. നിലവിൽ ചതുപ്പ് പ്രദേശമായി കിടക്കുന്നു.

**4.8 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, അവിടെ താമസിക്കുന്നവരുടെ എണ്ണം**

പദ്ധതി പ്രദേശത്ത് നിന്നും ഭൂവുടമകളിൽ നിന്നും ലഭിച്ച വിവരങ്ങൾ പ്രകാരം എറ്റെടുക്കാനുദ്ദേശിക്കുന്ന ഭൂമി സ്വകാര്യ ഉടമസ്ഥതയിൽ ഉൾപ്പെടുന്നുവെന്ന് മനസ്സിലാക്കുന്നു.. പദ്ധതി പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങളില്ല.

**4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമികൈമാറ്റവും, വിലയും, ഉപയോഗവും**

വിവരദാതാക്കളിൽ നിന്നു ലഭിച്ച വിവരങ്ങൾ പ്രകാരം കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ പദ്ധതി പ്രദേശത്ത് ഭൂമിയുടെ ഉടമസ്ഥാവകാശ കൈമാറ്റം ഒന്നും നടന്നിട്ടില്ല.

## അദ്ധ്യായം 5

# ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

എറണാകുളം ജില്ലയിൽ കൊച്ചി മെട്രോ റെയിൽ പ്രോജക്ടിൻെറ ഐ. യു.ആർ.ഡബ്ലിയു.ടി.എസ് പദ്ധതിയുടെ ഭാഗമായി .മുട്ടാർ മലിനജല സംസ്കരണ പ്ലാൻറ് നിർമ്മാണത്തിന് വേണ്ടി ഇടപ്പള്ളി നോർത്ത് വില്ലേജിൽ നിന്നും 1.2378 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് എറണാകുളം ജില്ല കളക്ടർ വിജ്ഞാപനം ചെയ്തിട്ടുള്ള 6 വിവിധ സർവ്വേ നമ്പറുകളിലുള്ള ഭൂമി ഏറ്റെടുക്കുമ്പോൾ പ്രത്യക്ഷമായും പരോക്ഷമായും പ്രത്യാഘാത ബാധിതമാകുന്ന കുടുംബങ്ങളെക്കുറിച്ചുള്ള വിവരങ്ങളാണ് ഈ അദ്ധ്യായത്തിൽ വിവരിക്കുന്നത്.

### 5.1 പദ്ധതിയുടെ പ്രത്യാഘാതബാധിത കുടുംബങ്ങൾ

#### 5.1.1 പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ (ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകൾ)

മുട്ടാർ മലിനജല സംസ്കരണ പ്ലാൻറ് നിർമ്മാണത്തിന് വേണ്ടി ഇടപ്പള്ളി നോർത്ത് വില്ലേജിൽ നിന്നും 1.2378 ഹെക്ടർ ഭൂമി ഏറ്റെടുക്കപ്പെടുമ്പോൾ പ്രത്യക്ഷ ആഘാത ബാധിതരാകുന്നത് 2 ഭൂവുടമകൾ ആണ്. ഒരു കുടുംബവും അമൃതാനന്ദമയി മഠത്തിൻെറ ഉടമസ്ഥതയിലുള്ള ഭൂമിയുമാണ് പദ്ധതി ബാധിതമാകുന്നത്. പക്ഷേ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും ഔദ്യോഗീകമായി അറിയിപ്പുകൾ ലഭിക്കാത്തതിനാൽ അമൃതാനന്ദമയി മഠത്തിൻെറ അധികൃതരിൽ നിന്നും ഭൂമി സംബന്ധമായ വിവരങ്ങൾ ലഭിച്ചിട്ടില്ല. പക്ഷേ ഭൂമിയുടെ ക്രയവിക്രയത്തിന് ശേഷം പോക്കുവരവ് നടത്തിയിട്ടില്ലാത്തതിനാൽ വില്ലേജിലെ രേഖകൾ പ്രകാരം 16 ഭൂവുടമകളുടെ ഉടമസ്ഥതയിലാണി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമി ഉൾപ്പെടുന്നത്. പദ്ധതി ബാധിതരാകുന്നവരുടെ വിശദാംശങ്ങൾ പട്ടിക 5.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 5.1 പദ്ധതിയുടെ പ്രത്യക്ഷാഘാത ബാധിതർ (വില്ലേജിലെ രേഖകൾ പ്രകാരം)**

| ക്രമ നമ്പർ | ഭൂവുടമയുടെ പേര്, മേൽവിലാസം | സർവ്വേ നമ്പർ |
|---|---|---|
| 1 | പ്രഭാകരൻ,<br>പങ്കജാക്ഷൻ. കൊച്ചുനാരായണി, ദാക്ഷായണിയമ്മ, സുമതിയമ്മ, കുഞ്ചുപിള്ള, കുണ്ഭുരു വടക്കേവീട്ടിൽ, വടക്ക് ഭാഗം മുറി | ബ്ലോക്ക് 53, സർവ്വേ നമ്പർ 1 Pt |
| 2 | വേലായുധൻ സുഗതൻ | ബ്ലോക്ക് 53, സർവ്വേ നമ്പർ- 1 Pt |
| 3 | ഇട്ടിശ്ശേരി അന്തർജനം | ബ്ലോക്ക് 53, സർവ്വേ നമ്പർ- 1 Pt |
| 4 | കുഞ്ഞൻപിള്ള, പരമേശ്വരൻ പിള്ള മുണ്ടിയത്ത് വീട്ടിൽ വടക്കേമുറി | ബ്ലോക്ക് 53, സർവ്വേ നമ്പർ- 1 Pt |
| 5 | ഇരവി ശങ്കരമേനോൻ, കൂട്ടിപറമ്പത്ത് | ബ്ലോക്ക് 53, സർവ്വേ നമ്പർ 1 Pt |
| 6 | കുഞ്ഞൻപിള്ള, പരമേശ്വരൻ പിള്ള, മുണ്ടിയത്ത് വീട് | ബ്ലോക്ക് 53, സർവ്വേ നമ്പർ 1 Pt |
| 7 | കുഞ്ചുപിള്ള, നീലകണ്ഠപിള്ള, വടക്കേകരി വീട്ടിൽ | ബ്ലോക്ക് 53, സർവ്വേ നമ്പർ 1 Pt |
| 8 | നാരായണൻ നമ്പൂതിരി | ബ്ലോക്ക് 53, സർവ്വേ നമ്പർ 1 Pt |
| 9 | വേലായുധൻ സുഗതൻ | ബ്ലോക്ക് 53, സർവ്വേ നമ്പർ 1 Pt |
| 10 | ദാക്ഷായണിയമ്മ | ബ്ലോക്ക് 53, സർവ്വേ നമ്പർ 1 Pt |
| 11 | പാപ്പിയമ്മ, ലക്ഷ്മിക്കുട്ടി അമ്മ മുതൽപ്പേർ, ഒടിപ്പാടത്ത് | ബ്ലോക്ക് 53, സർവ്വേ നമ്പർ 2, Pt, 3 Pt |
| 12 | അമരാവതി ജനാർദ്ദന ദേവസ്വം ബോർഡ്, കൊച്ചി | ബ്ലോക്ക് 53, സർവ്വേ നമ്പർ- 3 Pt |

| | | |
|---|---|---|
| 13 | ദാക്ഷായണിയമ്മ, സുമതിയമ്മ കുണ്ഭുരു വടക്കേ വീട്ടിൽ | ബ്ലോക്ക് 53, സർവ്വേ നമ്പർ 3 Pt |
| 14 | സുകുമാരൻ നായർ, വാസുപിള്ള മകൻ, പട്ടേരി വീട്, വടക്കുംഭാഗം | ബ്ലോക്ക് 53, സർവ്വേ നമ്പർ–5 |
| 15 | പത്മനാഭൻ നായർ, പട്ടേരു വീട്ടിൽ, മായ നിവാസ്, വടക്കുംഭാഗം കരയിൽ | ബ്ലോക്ക് 53, സർവ്വേ നമ്പർ–6 |
| 16 | കെ.കെ തങ്കപ്പൻ, ഒടിപ്പാടത്ത് വീട്, ഇടപ്പള്ളി നോർത്ത് | ബ്ലോക്ക് 53, സർവ്വേ നമ്പർ 7 Pt |
| | **നിലവിലുള്ള ഭൂവുടമകൾ** | |
| 1 | കെ.കെ തങ്കപ്പൻ, ഒടിപ്പാടത്ത് വീട്, ഇടപ്പള്ളി നോർത്ത് | ബ്ലോക്ക് 53, സർവ്വേ നമ്പർ 7 Pt |
| 2 | മതാ അമതാനന്ദമയി മഠം | ലഭ്യമായിട്ടില്ല |

5.1.2 **പദ്ധതിയുടെ പ്രത്യക്ഷ ആഘാതബാധിതരാകുന്ന കുടുംബങ്ങളുടെ സാമൂഹ്യ പശ്ചാത്തലം:**

ആഘാതബാധിതരാകുന്ന ഒരു കുടുംബം ഒ.ബി.സി വിഭാഗത്തിൽ ഉൾപ്പെടുന്നു. കൂലിപ്പണി ചെയ്ത് ഉപജീവന മാർഗ്ഗം കണ്ടെത്തുന്ന കുടുംബമാണ്. സാമൂഹ്യമായും സാമ്പത്തീകമായും പിന്നോക്കാവസ്ഥയിൽ ഉള്ള കുടുംബമാണ്.

**5.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ**

പദ്ധതി പ്രദേശത്ത് പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങളില്ല.

**5.3. പൊതു വിഭവങ്ങൾ ആഘാത ബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ**

ഇല്ല

**5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ**

ഇല്ല

**5.5 മൂന്ന് വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ**

ഏറ്റെടുക്കപ്പെടുന്ന പ്രദേശത്ത് താമസക്കാർ ആരും തന്നെയില്ല.

**5.6. മൂന്ന് വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ**

ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിക്കുന്ന കുടുംബങ്ങൾ ഇല്ല.

**5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)**

പരോക്ഷ ആഘാതബാധിതരില്ല.

**5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക**

പദ്ധതിക്കായി ഭൂമി ഏറ്റെടുക്കപ്പെടുമ്പോൾ ഫലദായക വസ്തുവകകളൊന്നും നഷ്ടപ്പെടുന്നില്ല,

## അദ്ധ്യായം 6

# സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലം (പദ്ധതി പ്രദേശവും പുനസ്ഥാപന പ്രദേശവും)

### 6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

പദ്ധതി ബാധിതമാകുന്ന കുടുംബത്തിൽ ഉൾപ്പെട്ട 4 വ്യക്തികളെ എസ്.ഐ.എ സംഘം കണ്ടെത്തി. 2 പുരുഷന്മാരും 2 സ്ത്രീകളും അടങ്ങുന്നതാണ് പദ്ധതി ബാധിതമാകുന്ന ജനസംഖ്യ. പദ്ധതി ബാധിതമാകുന കുടുംബത്തിൻെറ ജനസംഖ്യാപരമായ വിവരങ്ങൾ താഴെ വിശകലനം ചെയ്യുന്നു.

**പട്ടിക 6.1 പദ്ധതി ബാധിത ജനങ്ങളുടെ പ്രായം തിരിച്ചുള്ള വിതരണം**

| പ്രായം | എണ്ണം |
|---|---|
| 18 – 35 വയസ്സ് | 1 |
| 35 – 45 വയസ്സ് | 1 |
| 45– 60 വയസ്സ് | 0 |
| 60 വയസ്സിനു മുകളിൽ | 2 |
| **ആകെ** | **4** |

**പട്ടിക 6.2. പദ്ധതി ബാധിത വ്യക്തികളുടെ വിദ്യാഭ്യാസ നിലവാരം**

| വിദ്യാഭ്യാസം | എണ്ണം |
|---|---|
| 5–7 ക്ലാസ്സ് | 1 |
| 8–10 ക്ലാസ്സ് | 3 |
| **ആകെ** | **4** |

### 6.2 വരുമാനവും ദാരിദ്ര്യാവസ്ഥയും

പൊതു വിതരണ സംവിധാനമനുസരിച്ചുള്ള തരംതിരിവിൻെറ അടിസ്ഥാനത്തിൽ ആഘാത ബാധിത കുടുംബത്തിന് ലഭ്യമായിരിക്കുന്ന റേഷൻ കാർഡിൻെറ നിറം

ഏതാണെന്ന് വിവരിക്കുന്നു. പദ്ധതി ബാധിത കുടുംബത്തിന് നീല റേഷൻ കാർഡാണ് ലഭ്യമായിരിക്കുന്നത്.

**6.3 ദുർബ്ബല ജനവിഭാഗം**

60 വയസ്സിന് മുകളിലുള്ള 2 വൃദ്ധർ ദുർബ്ബല ജനവിഭാഗത്തിൽ ഉൾപ്പെടുന്നു.

**6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും**

മുഖ്യ ഉപജീവന മാർഗ്ഗത്തിനായി ഉപയോഗിക്കപ്പെടുന്ന ഭൂമി ഏറ്റെടുക്കപ്പെടുന്നില്ല.

**6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ**

പദ്ധതി പ്രദേശത്ത് താമസക്കാർ ആരും തന്നെയില്ല. പ്രത്യേകിച്ച് സാമ്പത്തീക പ്രവർത്തനങ്ങൾ ഒന്നും തന്നെ നടക്കുന്നില്ല.

**6.6 പ്രാദേശിക ഉപജീവന ഘടകങ്ങൾ**

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ പദ്ധതി ബാധിത കുടുംബത്തിൻെറ മുഖ്യ ജീവനോപാധി ഒന്നും തന്നെ ബാധിതമാകുന്നില്ല..

**6.7 പ്രദേശത്തെ കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും**

പദ്ധതി ബാധിതമാകുന്ന കുടുംബം അണു കുടുംബമാണ്. സാംസ്കാരിക സംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടുന്നില്ല

**6.8 ഭരണ സംഘടനകൾ**

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ മൂലം ഭരണ സംഘടനകൾ ഒന്നും തന്നെ പദ്ധതിബാധിതമാകുന്നില്ല.

**6.9 രാഷ്ട്രീയ സംഘടനകൾ**

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ മൂലം രാഷ്ട്രീയ സംഘടനകൾ ഒന്നും തന്നെ പദ്ധതിബാധിതമാകുന്നില്ല.

**6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ**

സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകളൊന്നും പദ്ധതിബാധിതമാകുന്നില്ല.

# അദ്ധ്യായം 7

# സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

## 7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം, 2013 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടും സാമുഹ്യ പ്രത്യാഘാത നിയന്ത്രണ നടപടികളും നിർബന്ധമാണ്. അനുകൂലവും പ്രതികൂലവുമായ പ്രത്യാഘാതങ്ങൾ തിരിച്ചറിയുക, പദ്ധതിയുടെ സാമൂഹ്യ നേട്ടങ്ങൾ വർദ്ധിപ്പിക്കുക, സാമൂഹ്യ പ്രത്യാഘാത വിപരീതഫലങ്ങൾ ലഘൂകരരിക്കുന്നതിനുള്ള നടപടികൾ മുൻപോട്ട് വയ്ക്കുക എന്നിവയാണ് എസ്.ഐ.എ.യുടെ ലക്ഷ്യങ്ങൾ. മുട്ടാർ മലിനജല സംസ്കരണ പ്ലാൻറ് നിർമ്മാണത്തിന് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടും സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുന്നതിൻെറയും ഭാഗമായി പഠന സംഘം പദ്ധതി ബാധിത കുടുംബങ്ങളിൽ നിന്നും ഭൂവുടമകളിൽ നിന്നും പദ്ധതി പ്രദേശത്തെ ജനപ്രതിനിധികളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു. ഇതിലൂടെ ലഭിച്ച വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്ത് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.

## 7.2 ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

കൊച്ചി മെട്രോ റെയിൽ പ്രോജക്ടിൻെറ ഐ,യു,ആർ.ഡബ്ലിയു.ടി.എസ് പദ്ധതിയുടെ ഭാഗമായി മുട്ടാർ മലിന ജല ശുധീകരണ സംസ്കരണ പ്ലാൻറ് നിർമ്മാണ പദ്ധതിക്ക് വേണ്ടി എറണാകുളം ജില്ലയിലെ ഇടപ്പള്ളി നോർത്ത് വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കുമ്പോഴുള്ള സാമൂഹ്യ പ്രത്യാഘാതങ്ങൾ കുറക്കുന്നതിന് തഴെ പറയുന്ന നടപടികൾ നിർദ്ദേശിക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013,

ഇതിനോടനുബന്ധിച്ച് കാലാകാലങ്ങളിൽ ഗവണ്മെൻറ് പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ട് പുനരധിവാസ പുന:സ്ഥാപന പ്രവർത്തനങ്ങളും നഷ്ടപരിഹാരം നൽകൽ നടപടികളും കൈക്കൊള്ളുക.

- ഭൂമി ഏറ്റെടുക്കൽ പ്രക്രിയ കാലതാമസം കൂടാതെ പൂർത്തീകരിക്കുകയും ആഘാത ബാധിതർക്കുള്ള നഷ്ടപരിഹാരം കഴിയുന്നത്ര വേഗത്തിൽ നൽകുകയും ചെയ്യുക.

**7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നത് പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 23.09.2015 തീയതിയിൽ പുറപ്പെടുവിച്ച G.O.(MS) No.485/2015/RD പ്രകാരവും 29/12/2017 തീയതിയിൽ പുറപ്പെടുവിച്ച G.O.(MS) No.448/2017/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തിനും പുനരധിവാസ–പുന:സ്ഥാപന പാക്കേജിനുള്ള പോളിസികൾ പ്രകാരമുള്ള നടപടി ക്രമങ്ങൾ മുട്ടാർ മുട്ടാർ മലിന ജല ശുധീകരണ സംസ്കരണ പ്ലാൻറ് നിർമ്മാണ പദ്ധതിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതിക്ക് ബാധകമാണ്.

**7.4. നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് അർത്ഥനാധികാരി പദ്ധതി രേഖയിൽ പ്രസ്താവിച്ചിട്ടുള്ള നടപടികൾ**

പ്രസ്തുത പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിന് 32.7 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്..

**7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ**

ഇല്ല.

**7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017ന് പുറപ്പെടുവിച്ച വിജ്ഞാപനം G.O (Ms) No.448/2017/RD പ്രകാരം കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനസ്ഥാപന പാക്കേജിനുള്ള പോളിസി പ്രകാരമുള്ള നടപടികൾ കൈക്കൊള്ളുകയും, നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിന്റെ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായി പാലിക്കുകയും ചെയ്യുക.

**പട്ടിക 7.1 സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം**

| | | |
|---|---|---|
| ഭൂമി നഷ്ടപ്പെടൽ | RFCTLARR നിയമം 2013 ഒന്നാം പട്ടികപ്രകാരവും കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള നഷ്ട പരിഹാരം നൽകുക | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തി നും സുതാര്യതയ്ക്കും പുനഃരധിവാ സത്തിനും പുനഃസ്ഥാപനത്തിനുമുള്ള RFCTLARR, ആക്ട്,2013 പ്രകാരമുള്ള സമയക്രമം. |

**7.7 സാമൂഹ്യ പ്രത്യാഘാത ലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും, നിർവ്വഹിക്കമെന്ന് ഉറപ്പ് നൽകാത്ത നടപടികളും**

ബാധകമല്ല.

## അദ്ധ്യായം 8

# സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി
# സ്ഥാപന സംവിധാനം

### 8.1. സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരളത്തിലെ RFCTLARR ചട്ടങ്ങൾ 2015, ഗവണ്മെൻറ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ എന്നിവ സ്ഥാപന ഘടനകളേയും ലഘൂകരണ നടപടികൾ നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്തമുള്ള പ്രധാന വ്യക്തിയേയും വിഭാവനം ചെയ്യുന്നു.

ഭൂമി ഏറ്റെടുക്കപ്പെടുന്ന പദ്ധതി കുടുംബങ്ങൾക്ക് പുനരധിവാസ–പുന:സ്ഥാപന പദ്ധതി തയ്യാറാക്കുന്നതിനുള്ള ഉത്തരവാദിത്തം സംസ്ഥാന സർക്കാർ നിയോഗിച്ച അഡ്മിനിസ്ട്രേറ്ററാണെന്ന് RFCTLARR ആക്റ്റ്, 2013 നിർവ്വചിക്കുന്നു. പുനരധിവാസ–പുന:സ്ഥാപന പദ്ധതിയുടെ രൂപീകരണം, നിർവ്വഹണം, നിരീക്ഷണം എന്നിവ ഉചിതമായ സർക്കാരിൻെറയും പുനരധിവാസ കമ്മീഷണറുടേയും മേൽനോട്ടത്തിനും നിർദ്ദേശങ്ങൾക്കും നിയന്ത്രണത്തിനും വിധേയമായി അഡ്മിനിസ്ട്രേറ്ററിൽ നിക്ഷിപ്തമായിരിക്കും. മുട്ടാർ മലിന ജല സംസ്കരണ പ്ലാൻറ് നിർമ്മാണ പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കലിനായി നിയോഗിക്കപ്പെട്ട അഡ്മിനിസ്ട്രേറ്റർ ഡെപ്യൂട്ടി കളക്ടർ, കൊച്ചി മെട്രോ റെയിൽ പ്രോജക്ട് ആണ്.

പുനരധിവാസ, പുന:സ്ഥാപന പദ്ധതികളുടെ മേൽനോട്ടത്തിനും, വിലയിരുത്തലിനുമായി പദ്ധതി തലത്തിൽ ഒരു പുനരധിവാസ, പുന:സ്ഥാപന കമ്മിറ്റിയുടെ രൂപീകരണത്തിന് RFCTLARR ആക്റ്റ്, 2013 ൻെറ 45–ാം വകുപ്പും, കേരളത്തിലെ RFCTLARR ചട്ടങ്ങൾ, 2015 ലെ ചട്ടം 23 ഉം ശുപാർശ ചെയ്യുന്നു. 23/09/2015 ന് പുറപ്പെടുവിച്ച ജി.ഒ.(എം.എസ്) നമ്പർ.485/2015ആർഡി പ്രകാരമുള്ള കേരള സംസ്ഥാന നയം അനുസരിച്ച് ഭൂമി ഏറ്റെടുക്കലിൻെറ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും വേണ്ടി ജില്ലാ തലത്തിൽ താഴെ പറയുന്ന അംഗങ്ങൾ അടങ്ങിയ

കമ്മിറ്റിക്കാണ് പുനരധിവാസ–പുന:സ്ഥാപന പ്രവർത്തനങ്ങളുടെ നിരീക്ഷണ ഉത്തരവാദിത്തം:

- ❖ ജില്ലാ കളക്ടർ
- ❖ പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അധികാരി
- ❖ ഭൂമി ഏറ്റെടുക്കൽ അധികാരി
- ❖ ധനകാര്യ ഒഫീസർ
- ❖ ധനകാര്യ തീരുമാനങ്ങളെടുക്കുന്നതിനുള്ള അർത്ഥനാധികാരിയുടെ പ്രതിനിധി
- ❖ പ്രാദേശിക സ്വയംഭരണ സർക്കാർ സ്ഥാപനങ്ങളിലെ പ്രതിനിധികൾ

**8.2. ഗവണ്മെൻേറതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല.

**8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായി വരുന്നുണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല

**8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം**

ഓരോ പ്രവർത്തനവും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം അനുസരിച്ചായിരിക്കും.

## അദ്ധ്യായം 9

# സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

### 9.1. പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

പ്രസ്തുത പദ്ധതിയുടെ ഭൂമി ഏറ്റെടുക്കലിനായി 32.7 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

### 9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

നിർദ്ദിഷ്ട ഭൂമി എറ്റെടുക്കലിനുവേണ്ടി ചുമതലപ്പെടുത്തിയിരിക്കുന്ന അഡ്മിനിസ്ട്രേറ്ററാണ് വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും തയ്യാറാക്കേണ്ടത്

### 9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

കേരള സർക്കാരിൻെറ ധനസഹായത്തോടെയാണ്. പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നത്.

# അദ്ധ്യായം 10

# സാമൂഹ്യപ്രത്യാഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

## 10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

നിലവിലെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രധാന സൂചികകൾ താഴെ പറയുന്നു:

- പുനരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്നതിനും അംഗീകരിക്കുന്നതിനും എടുക്കുന്ന സമയം.
- പദ്ധതി ആഘാത കുടുംബങ്ങൾക്ക് നഷ്ടപരിഹാര തുക സമയാധിഷ്ടിതമായി നൽകൽ
- സാമൂഹ്യ പ്രത്യാഘാത നിയന്ത്രണത്തിൽ പ്രതിപാദിച്ചിരിക്കുന്ന ദുരീകരണ നടപടികൾ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ.

## 10.2. റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 പ്രകാരമായിരിക്കും റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും നടപ്പിലാക്കുന്നത്.

## 10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

സ്വതന്ത്രമായ ഒരു വിലയിരുത്തലും വിഭാവനം ചെയ്യുന്നില്ല. RFCTLARR Act, 2013 പ്രകാരം നിയമിക്കുന്ന ഉദ്യോഗസ്ഥർ പ്രക്രിയ വിലയിരുത്തും.

## അദ്ധ്യായം 11

## നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ

**11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യ പ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം.**

എറണാകുളം ജില്ലയിലെ കായലുകളാൽ ചുറ്റപ്പെട്ട് കിടക്കുന്ന മെട്രോ പോളിറ്റൻ സിറ്റിയാണ് കൊച്ചി നഗരം. അതിവേഗം ജനസംഖ്യ കൂടിക്കൊണ്ടിരിക്കുന്നതിനാൽ പാവപ്പെട്ട നഗരവാസികളുടെ എണ്ണവും വർദ്ധിച്ച് കൊണ്ടിരിക്കുകയാണ്. ശരിയായ ആസൂത്രണമില്ലായ്മ, കനാലുകളുടെ ഭാഗങ്ങളിൽ ജനങ്ങളുടെ കൈയ്യേറ്റം, മാലിന്യ സംസ്ക്കരണ സംവിധാനത്തിൻെറ അപര്യാപ്തത എന്നിവ കൊച്ചിയിലെ വായുവും ജലവും മലിനമാക്കപ്പെടുന്നതിന് കാരണമാകുന്നു.കൂടാതെ ഇത് മൂലം നമ്മുടെ കടലോര മേഖലയുടേയും കായലോര മേഖലയുടേയും കാലാവസ്ഥ വ്യതിയാനത്തിന് കാരണമാവുകയും ചെയ്യുന്നു.

ഇന്ത്യാ ഗവണ്മെൻറിൻെറ നഗര വികസനത്തിനുള്ള നിർദ്ദേശപ്രകാരം കൊച്ചി നഗരത്തിലെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടി കൊച്ചി നഗരത്തിലെ 5 കനാലുകളെ പുനരുദ്ധീകരിക്കുന്നതിനായി കേരള സർക്കാരിൻെറ CSIND വകുപ്പ് IURWTS എന്ന് പദ്ധതിക്ക് രൂപം നൽകി. IRUWTS പദ്ധതി നഷ്ടപ്പെട്ട് കൊണ്ടിരിക്കുന്ന 5 കനാലുകളേയും അതിൻെറ തീരങ്ങളേയും പുനസ്ഥാപിക്കുകയും വെള്ളപൊക്കം ദുരീകരിക്കുകയും കനാലുകൾ സഞ്ചാരയോഗ്യമാക്കുകയും മാലിന്യമുക്തമാക്കുകയും ചെയ്യുക ലക്ഷ്യമിടുന്നു. മുട്ടാർ മലിന ജല ശുദ്ധീകരണ പ്ലാൻറ് ഇടപ്പള്ളി കനാലിൻെറ പ്രദേശത്തെ ഊൽക്കൊള്ളിച്ചുകൊള്ളുന്നു.നശിച്ച് കൊണ്ടിരിക്കുന്ന 5 കനാലുകളേയും അതിൻെറ തീരങ്ങളേയും പുനസ്ഥാപിക്കുകയും വെള്ളപൊക്കം ദുരീകരിക്കുകയും

കനാലുകൾ സഞ്ചാരയോഗ്യമാക്കുകയും മാലിന്യമുക്തമാക്കുകയും ചെയ്യുക ലക്ഷ്യമിടുന്നു. മുട്ടാർ മലിന ജല ശുദ്ധീകരണ പ്ലാൻറ് ഇടപ്പള്ളി കനാലിൻെറ പ്രദേശത്തെ ഊൽക്കൊള്ളിച്ചുകൊള്ളുന്നു.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം, 2013 വകുപ്പ് 2(1)b(i) പ്രകാരം പൊതു ആവശ്യം എന്നു പറയുന്നത്, ഇന്ത്യാ ഗവൺമെൻറിൻെറ സാമ്പത്തിക വിഭാഗം 27.03.2012 ന് പുറപ്പെടുവിച്ച വിഞ്ജാപനം നമ്പർ 13/6/2009-INF പ്രകാരമുള്ള പ്രവർത്തനങ്ങളാണ്. കൊച്ചി മെട്രോ റെയിൽ പ്രോജക്ടിൻെറ ഐ യു.ആർ.ഡബ്ലിയു.ടി.എസ് പദ്ധതിയുടെ ഭാഗമായി .മുട്ടാർ മലിനജല സംസ്കരണ പ്ലാൻറ് നിർമ്മാണ പദ്ധതി അടിസ്ഥാന പദ്ധതികളുടെ പൊതു ആവശ്യത്തിൻെറ പരിധിയിൽ വരുന്നതാണ്.

**നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കപ്പെടുന്നതുമൂലം ഉണ്ടകാനിടയുള്ള പ്രത്യാഘാതങ്ങൾ:**

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, ഇതിനോടനുബന്ധിച്ച് കാലാകാലങ്ങളിൽ ഗവൺമെൻറ് പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ട് പുനരധിവാസ പുന:സ്ഥാപന പ്രവർത്തനങ്ങളും നഷ്ടപരിഹാരം നൽകൽ നടപടികളും കൈക്കൊള്ളുക.
- ഭൂമി ഏറ്റെടുക്കൽ പ്രക്രിയ കാലതാമസം കൂടാതെ പൂർത്തീകരിക്കുകയും ആഘാത ബാധിതർക്കുള്ള നഷ്ടപരിഹാരം കഴിയുന്നത്ര വേഗത്തിൽ നൽകുകയും ചെയ്യുക.

**താഴെ വിവരിക്കുന്ന ശുപാർശകൾ പദ്ധതിയുടെ ആഘാതം ദുരീകരിക്കുന്നതിന് പഠന സംഘം നിർദ്ദേശിക്കുന്നു.**

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, ഇതിനോടനുബന്ധിച്ച് കാലാകാലങ്ങളിൽ ഗവൺമെൻറ് പുറപ്പെടുവിച്ച

ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ട് പുനരധിവാസ പുന:സ്ഥാപന പ്രവർത്തനങ്ങളും നഷ്ടപരിഹാരം നൽകൽ നടപടികളും കൈക്കൊള്ളുക.

- ഭൂമി ഏറ്റെടുക്കൽ പ്രക്രിയ കാലതാമസം കൂടാതെ പൂർത്തീകരിക്കുകയും ആഘാത ബാധിതർക്കുള്ള നഷ്ടപരിഹാരം കഴിയുന്നത്ര വേഗത്തിൽ നൽകുകയും ചെയ്യുക.
- ആഘാത ബാധിതമാകുന്ന വീടുകൾക്കും മുറിച്ച് മാറ്റപ്പെടുന്ന വൃക്ഷങ്ങൾക്കും നഷ്ടപരിഹാരം നൽകുക.
- പദ്ധതിമൂലം വസ്തുവകകളിലേക്കുള്ള പ്രവേശനമാർഗ്ഗം തടസ്സപ്പെടുന്ന കുടുംബങ്ങൾക്ക് അവരുടെ ഭൂമിയിലേക്ക് റോഡിൽ നിന്നും നേരിട്ടുള്ള പ്രവേശനം സാധ്യമാക്കുന്നതിന് ബദൽ സംവിധാനം ചെയ്യുക.

**11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ**

മുട്ടാർ മലിന ജല ശുദ്ധീകരണ പ്ലാൻറ് നിർമ്മാണത്തിനായി നിർമ്മാണത്തിനായി എറണാകുളം ജില്ലയിലെ ഇടപ്പള്ളി നോർത്ത് വില്ലേജിൽ ഏകദേശം നിന്നും 1.2378 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിൻെറ അനുകൂലവും പ്രതികൂലവുമായ പ്രത്യാഘാതങ്ങൾ വിലയിരുത്തുമ്പോൾ പദ്ധതി മൂലം 2 ഭൂവുടമകൾക്ക് ഭൂമി നഷ്ടപ്പെടുമെങ്കിലും നിർദ്ദിഷ്ട പദ്ധതി നിലവിൽ വരുമ്പോൾ കൊച്ചി നഗരത്തിലെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് വളരെയധികം സഹായകമാകും. മുകളിലെ കണ്ടെത്തലുകളുടെ വെളിച്ചത്തിലും പദ്ധതിയുടെ ഗുണങ്ങളും ദോഷങ്ങളും തുലനം ചെയ്തതിനുശേഷവും ഈ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന പ്രത്യാഘാത ദുരീകരണ നടപടികൾ യഥാവിധം നടപ്പിലാക്കിയാൽ നിർദ്ദിഷ്ട പദ്ധതിയുടെ സാമൂഹ്യ സാമ്പത്തിക നേട്ടങ്ങൾ ഇതിൻെറ വിപരീത പ്രത്യാഘാതങ്ങളേക്കാൾ കുടുതലായിരിക്കുമെന്ന നിഗമനത്തിൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ് ഏകകണ്ഠമായി എത്തിച്ചേരുന്നു. ആയതിനാൽ എറണാകുളം ജില്ലയിൽ ഇടപ്പള്ളി നോർത്ത് വില്ലേജിൽ നിന്ന് മുട്ടാർ മലിന ജല ശുദ്ധീകരണ പ്ലാൻറ് നിർമ്മാണത്തിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ നടപ്പിലാക്കാവുന്നതാണെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം ശുപാർശ ചെയ്യുന്നു.

©
**കേരള സർക്കാർ**
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 12** Vol. XII | **തിരുവനന്തപുരം, വെള്ളി** Thiruvananthapuram, Friday | **2023 ആഗസ്റ്റ് 04** 04th August 2023 **1198 കർക്കടകം 19** 19th Karkadakam 1198 **1945 ശ്രാവണം 13** 13th Sravana 1945 | **നമ്പർ** No. | **2587** |


**ഫോറം നമ്പർ 4**

[റൂൾ 11 (3) കാണുക]

### വിജ്ഞാപനം

*നമ്പർ സി$_{11}$ -892/22.* *2023 ആഗസ്റ്റ് 03.*

താഴെ കേരള സർക്കാർ 4-12-2012-ലെ സ.ഉ.(അച്ചടി) നമ്പർ 649/2015/റ.വ.വിജ്ഞാപന പ്രകാരം 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട്, 2013 (സെൻട്രൽ ആക്ട് 2013- ലെ 30) പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കാൻ എറണാകുളം, കൊച്ചി മെട്രോ റെയിൽ പ്രോജക്ട്, പൊന്നുംവില തഹസിൽദാർ (എൽ.എ.) നമ്പർ 1-നെ നിയമിച്ചിരിക്കുന്നതിനാലും;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമി ഒരു പൊതു ആവശ്യത്തിന്, അതായത് കൊച്ചി മെട്രോ റെയിൽ പ്രോജക്ടിന്റെ ഐ.യു.ആർ.ഡബ്ല്യു.ടി.എസ് പദ്ധതിയുടെ ഭാഗമായി മുട്ടാർ എസ്.ടി.പിയ്ക്ക് വേണ്ടി സ്ഥലം ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ, ജില്ലാ കളക്ടർക്ക് ബോധ്യമാകുന്നതിനാലും;

2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 2013-ലെ നമ്പർ 30 വകുപ്പ് 4(1)-ലെ വ്യവസ്ഥകൾക്കനുസൃതമായി, ജില്ലാ കളക്ടർ താഴെ പട്ടികയിൽ പറയുന്ന സ്ഥലത്ത് ഒരു സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നതിനാലും;

ഇപ്പോൾ തൻമൂലം ജില്ലാതല സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ യൂണീറ്റായ ഭാരത് മാതാ സ്കൂൾ ഓഫ് സോഷ്യൽ വർക്ക് , തൃക്കാക്കര എന്ന സ്ഥാപനത്തെ നിയമം അനുശാസിയ്ക്കുന്ന രീതിയിലുള്ള സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനും സാമൂഹിക പ്രത്യാഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും ചുമതലപ്പെടുത്തിയിരിക്കുന്നു. ഈ പ്രക്രിയ രണ്ട് മാസത്തിനകം പൂർത്തിയാക്കേണ്ടതും യാതൊരു കാരണവശാലും ആറു മാസത്തിലധികം ആകാതിരിക്കേണ്ടതുമാണ്.

പട്ടിക

**ജില്ല-എറണാകുളം**

*താലൂക്ക്- കണയന്നൂർ .* *വില്ലേജ് -ഇടപ്പള്ളി നോർത്ത്.*

(ഏകദേശ വിസ്തീർണ്ണം തന്നിരിക്കുന്നു.)

| ക്രമ നമ്പർ | ബ്ലോക്ക് നമ്പർ | സർവ്വെ നമ്പർ | വിവരണം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|---|---|
| 1. | 53 | 1 Pt | നിലം | 0.7858 |
| 2. | | 2 | | 0.0031 |
| 3. | | 3 Pt | | 0.2761 |
| 4. | | 5 | | 0.0501 |
| 5. | | 6 | | 0.1051 |
| 6. | | 7 Pt | | 0.0176 |
| | | | **Total** | **1.2378** |

കാക്കനാട്

ജില്ലാ കളക്ടർ,
എറണാകുളം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## FORM NO.4

*[See rule 11(3)]*

NOTIFICATION

***$C_{11}$-892/2022*** Ernakulam ***2023 August 03.***

WHEREAS, it apperas to the Government of Kerala that the land specified in the Schedule below is needed or likely to be needed for a public purpose, to wit for the land acquisition of 1.2378 Hectares of land in Edapally North village of Ernakulam district for the construction of STP Muttar under IURWTS Project.

AND WHEREAS, in exercise of the powers conferred in sub-section (1) of section 4 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 (Central Act 30 of 2013), Government of Kerala have decided to conduct Social Impact Assessment in the area specified in the schedule below;

Now, THEREFORE, sanction is accorded to the District level Social Impact Assessment Unit, viz, Bharata Mata School of Social Work,Thrikkakara to conduct a Social Impact Assessment Study and to prepare a Social Impact Management Plan as provided in the Act, The process shall be completed within a period of two months , not exceeding six months in any case.

**SCHEDULE**

District- Ernakulam

*Taluk- Kanayannur.* *Village-Edappally North.*

(The extent given is approximate.)


| Sl.No. | Block No. | Survey No. | Description | Extent (in Hectares) |
|---|---|---|---|---|
| 1. | 53 | 1 Pt | Wet | 0.7858 |
| 2. | | 2 | | 0.0031 |
| 3. | | 3 Pt | | 0.2761 |
| 4. | | 5 | | 0.0501 |
| 5. | | 6 | | 0.1051 |
| 6. | | 7 Pt | | 0.0176 |
| | | | **Total** | **1.2378** |

District Collector,

Ernakulam.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/







| PROCESS UNITS | | | | |
|---|---|---|---|---|
| SL.NO | PROCESS UNITS | SIZE/CAPACITY | QTY | REMARK |
| 01 | RECEIVING CHAMBER | 2700 x 2500 x 2100 SWD | 01 | |
| 02 | COARSE SCREEN CHANNEL - MECHANICAL | 6000 x 1200 x 700 SWD | 01 | |
| 03 | COARSE SCREEN CHANNEL - MANUAL | 6000 x 1200 x 700 SWD | 01 | |
| 04 | RAW SEWAGE SUMP | 8500 DIA x 2500 SWD | 01 | |
| 05 | STILLING CHAMBER | 2700 x 2500 x 2100 SWD | 01 | |
| 06 | FINE SCREEN CHANNEL - MECHANICAL | 6000 x 1200 x 700 SWD | 01 | |
| 07 | FINE SCREEN CHANNEL - MANUAL | 6000 x 1200 x 700 SWD | 01 | |
| 08 | GRIT CHAMBERS | 5000 x 5000 x 900 SWD | 02 | |
| 09 | SBR BASINS | 24000 x 24000 x 5500 SWD | 04 | |
| 10 | CHLORINATION TANK | 17000 x 10000 x 2500 SWD | 01 | |
| 11 | SLUDGE SUMP | 9000 x 6000 x 2200 SWD | 01 | |
| 12 | POLYELECTROLYTE DOSING TANKS | 1800 x 1800 x 1000 SWD | 01 | |

| BUILDING LIST | | | | |
|---|---|---|---|---|
| A | HT SUBSTATION | 15000 x 10000 x 4500 HT. | 01 | |
| B | DG SET HOUSE | 10000 x 10000 x 4500 HT. | 01 | |
| C | SBR AIR BLOWER CUM MCC & CONTROL BUILDING | 25000 x 10000 x 10000 HT. | 01 | G+1 |
| D | CHLORINATION CUM CHLORINE TOONER HOUSE | 10000 x 5000 x 4500 HT. | 01 | |
| E | CENTRIFUGE FEED PUMP HOUSE | 6000 x 5000 x 4500 HT. | 01 | |
| F | CENTRIFUGE HOUSE | 7000 x 6000 x 8500 HT. | 01 | G(STILT)+1 |
| G | RAW SEWAGE SUMP PUMP HOUSE | 8500 DIA x 5500 HT. | 01 | |
| H | SECURITY CABIN | 3000 x 3000 x 3000 HT. | 01 | |
| I | TRANSFORMER YARD | 1500 x 1000 HT. | 01 | |

| | | |
|---|---|---|
| DISTRICt | : | Ernakulam |
| VILLAGE | : | Muttar |
| Hectare | : | 0.72 |
| STP Capacity | : | 16.5 MLD |

CLIENT: KOCHI METRO RAIL LIMITED

GENERAL CONSULTANT: anteagroup — Antea Nederland B.V and Antea India(JV)

PROJECT: GENERAL CONSULTANCY SERVICES INTEGRATED URBAN REGENERATION AND WATER TRANSPORT SYSTEM, KOCHI

Antea Nederland B.V and Antea India(JV)

| | NAME | SIGN | DATE |
|---|---|---|---|
| DRAWN | THAJUDEEN | TS | 03/09/2022 |
| DESIGNED | RENUKA M | RM | 03/09/2022 |
| CHECKED | RENUKA M | RM | 13/09/2022 |
| APPROVED | RENUKA M | RM | 13/09/2022 |

KEY PLAN:

NO OBJECTION BY KMRL — IURWTS

| CIVIL | MEP |
|---|---|

REVISIONS

| NO | DESCRIPTION | DATE | BY |
|---|---|---|---|
| R0 | | | |

IURWTS — PROJECT:INTEGRATED URBAN REGENARATION & WATER TRANSPORT SYSTEM

LOCATION: MUTTAR — SCALE-1:1

TITLE: SITE PLAN OF 16.5 MLD SEWER TREATMENT PLANT AT MUTTAR — DATE 03/09/2022 — REV R0

DRG. NO: IURWTS-WT2024-ED-CIVIL-1794 — SHEET 1 OF 1